LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി നിയോജകമണ്ഡലത്തിൽ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കാൻ നടപടി

42 [1939] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2001 ഏപ്രിൽ മുതൽ 2004 ഡിസംബർ വരെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെടുത്തി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ;

(ബി) അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ട്രാൻസ്ഫോർമറുകളാണ് പണി ആരംഭിച്ച് പൂർത്തീകരിക്കാതെ കിടക്കുന്നത്, ഇവ പ്രവർത്തനക്ഷമമാക്കാൻ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ ;

(ഡി) ഇവ എപ്പോൾ പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാല് എണ്ണം.

(ബി) 1. പൂവരങ്ങാടി
2. ചുള്ളിയോട് മുക്ക്
3. പനയംകണ്ടി
4. വീര്യമ്പ്രം

(സി) സാധന സാമഗ്രികളുടെ അപര്യാപ്തതമൂലം താഴെ പറയുന്ന ട്രാൻസ്ഫോമറുകളുടെ പണി പൂർത്തീകരിക്കാനായിട്ടില്ല.

1. ഓടുപാറ
2. കാരുകുളങ്ങര
3. കണ്ടിയിൽ മിത്തൽ

(ഡി) സാധന സാമഗ്രികൾ ശേഖരിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. മുഴുവൻ സാധനങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തി പൂർത്തിയാക്കാവുന്നതാണ്.

ആദിവാസി കോളനികളിലെ സൗരോർജ്ജ ദീപങ്ങൾ

43 [1940] ശ്രീ. പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള :
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതികൊണ്ട് ഏതെല്ലാം ആദിവാസി കോളനിയിൽ വൈദ്യുത ദീപങ്ങൾ തെളിയിക്കുന്നുണ്ട് ;

(ബി) പ്രസ്തുത പദ്ധതി നിലനിർത്തുന്നതിനായി കെ.എസ്.ഇ.ബി.ക്ക് ഒരു വർഷം എന്ത് ചെലവ് വരും ;

(സി) കൂടുതൽ കോളനികളിൽ ഈ സൗകര്യം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ വൈദ്യുതശൃംഖല വഴി വെളിച്ചം എത്തിക്കാനാവാത്ത ഉൾപ്രദേശ/വനപ്രദേശങ്ങളിലുള്ള ജന വിഭാഗങ്ങൾക്ക് വെളിച്ചം എത്തിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ അനർട്ട് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ സൗരോർജ്ജ പരിപാടി. രണ്ടു ഘട്ടങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞ ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന 429 കോളനികളിൽ 865 തെരുവ് വിളക്കുകളും 13438 ഗാർഹിക വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം 1 † ആയി ചേർത്തിരിക്കുന്നു. അനർട്ടിന്റെ വൈദ്യുതീകരണ പരിപാടിയുടെ പ്രയോജനം 332 ആദിവാസി കോളനികളിൽ ലഭ്യമായിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

(ബി) ഈ പദ്ധതി കെ.എസ്.ഇ.ബി. വഴിയല്ല നടപ്പിലാക്കുന്നത്. ഇതിനായി അനർട്ട് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) ഉണ്ട്; പ്രസ്തുത വൈദ്യുത പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 115 കോളനികളിൽ വെളിച്ചം എത്തിക്കുന്നതിനുള്ള ഒരു നിർദ്ദേശം അനർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 55 കോളനികൾ ആദിവാസി മേഖലയിലുള്ളവയാണ്, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഉൾപ്പെടുന്ന ആദിവാസി കോളനികളുടെ പട്ടിക അനുബന്ധം† മൂന്നായി ചേർത്തിരിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി

44 [1941] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വൈദ്യുതീകരണം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly